

സംഭാഷണം

ടി.കെ കുഞ്ഞഹ്മദ് മൗലവി

# ഹാജിസാഹിബ് മുഴക്കിയ 'അല്ലാഹു അക്ബർ'

**കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിക്കടുത്ത ശിവപുരം സ്വദേശിയായ ടി.കെ കുഞ്ഞഹ്മദ് മൗലവി ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യകാല പ്രവർത്തകരിലൊരാളാണ്. നിരവധി എതിർപ്പുകൾ തരണം ചെയ്താണ് അദ്ദേഹം പ്രസ്ഥാനത്തിലെത്തിയത്. ജമാഅത്തെ ഇസ്‌ലാമി കോഴിക്കോട് ഹർഖാ കൺവീനറായിരുന്നു പത്തു വർഷത്തോളം. ജമാഅത്തെ ഇസ്‌ലാമി പ്രാദേശിക അമീർ, ശിവപുരം ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പൽ എന്നീ ചുമതലകളും വഹിച്ചിരുന്നു. ഇപ്പോൾ 85 വയസ്സായ ടി.കെ, മാഞ്ഞുതുടങ്ങിയ ഓർമകളിൽനിന്ന് ചില അനുഭവങ്ങൾ പങ്കുവെക്കുന്നു.**

### ജനനം വിദ്യാഭ്യാസം

**ശിവപുരത്തെ** പാരമ്പര്യമുള്ള ഒരു മുസ്‌ലിം കുടുംബത്തിൽ 1923-ലാണ് എന്റെ ജനനം. ഉപ്പ ഒരു ഭക്തനായിരുന്നു. വലിയ പുരോഗതിയൊന്നും ഇല്ലാത്ത ഒരു ഉൾപ്രദേശമായിരുന്നു ഞങ്ങളുടേത്. നാട്ടിലെ എൽ.പി സ്കൂളിലും പിന്നെ പള്ളിദർസിലുമായിരുന്നു പഠനം.

വെല്ലൂർ ബാഖിയാത്തിൽ പോയി പഠിക്കണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, വീട്ടിലെ സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. സാമ്പത്തിക പ്രയാസം ഉണ്ടായിരുന്നു. എന്റെ ഗുരുനാഥനായിരുന്ന അബ്ദുല്ല മുസ്‌ലിയാർ ഒരു വർഷം വെല്ലൂരിൽ പഠിച്ചു. ശേഷം ഇവിടെവന്നു. എന്നെയും കൊണ്ടുപോവുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ആ വർഷം വെല്ലൂരിൽ കുട്ടികളെ എടുക്കില്ലെന്ന് പരസ്യം ചെയ്തിരുന്നു. പരസ്യംകണ്ട് പോകാതിരിക്കേണ്ട, നേരിട്ടു ചെന്ന് സീറ്റ് ശരിപ്പെടുത്താം എന്നായിരുന്നു അബ്ദുല്ല മുസ്‌ലിയാരുടെ മനസ്സിൽ. പക്ഷേ, വീട്ടിലെ ചുറ്റുപാടുകൾ എനിക്ക് അനുകൂലമായിരുന്നില്ല.

വെല്ലൂരിൽ പോകാൻ കഴിയാതിരുന്നത് ഒരു കണക്കിന് നന്നായി എന്നാണ് പിന്നീട് തോന്നിയത്. വെല്ലൂരിൽ പോയിരുന്നെങ്കിൽ ഞാൻ ഒരു വലിയ മുസ്‌ലിയാരാവുകയും ചിലപ്പോൾ ജമാഅത്തിലേക്ക് എത്താൻ അത് തടസ്സമാവുകയും ചെയ്തേനേ. ഫറാഇള്(അനന്തരാവകാശ നിയമം) എനിക്ക് നന്നായി വശമുണ്ടായിരുന്നു. ധാരാളം ആളുകൾ സംശയം ചോദിക്കാൻ ഇവിടെ വരാറുണ്ടായിരുന്നു. പള്ളി ദർസിൽ ഉറക്കമിളച്ചിരുന്ന് പഠിച്ചതാണത്. മൻതിഖിലും(തർക്കശാസ്ത്രം) കുറേയൊക്കെ അറിവുണ്ടായിരുന്നു.

### ഖിബ്‌ല നിർണയം

ഖിബ്‌ല നിർണയമായിരുന്നു മറ്റൊരു പ്രധാന വിഷയം. പള്ളികൾക്കും മറ്റും ഖിബ്‌ല നിർണയിക്കാൻ പോകാറുണ്ടായിരുന്നു. അതിന് സഹായകമായ ഒരു പലകയുണ്ട് എന്റെ കൈയിൽ. അതു വെച്ചാണ് ഖിബ്‌ല കണക്കാക്കുക. അതിൽ കെട്ടിയ ഒരു നൂലുണ്ട്, അത് പിടിച്ചു നടന്നാൽ കഅ്ബയിൽ എത്തും എന്നാണ് കണക്ക്. സത്യത്തിൽ ജ്യോമിട്രിയാണത്. റുബ്ഉൽ മുജയ്യബ് എന്നാണ് ഈ പലകക്ക് പറയുക. ഭൂഗോളത്തിന്റെ നാലിൽ ഒന്നാണിത്. നല്ല കഴിവുള്ള ആശാരിമാരാണ് ഈ പലകയുണ്ടാക്കുക.

കേരളത്തിൽ മുമ്പ് 'ഖിബ്‌ല നിർണയം' വലിയ തർക്കവിഷയമായിരുന്നു. ഖിബ്‌ലയിലേക്ക് തന്നെ(عين القبلة)യാണോ, അതല്ല ഖിബ്‌ലയുടെ ദിശ (جهة القبلة)യിലേക്കാണോ നമസ്കാരത്തിൽ തിരിഞ്ഞു നിൽക്കേണ്ടത് എന്നായിരുന്നു തർക്കം.

**പള്ളിദർസിൽ ഖുർആൻ ഓതുമ്പോഴും കിതാബുകൾ വായിക്കുമ്പോഴും ക്രിമിനൽ നിയമങ്ങളെ കുറിച്ചുള്ള ഇസ്‌ലാമിക കൽപനകളെ പ്പറ്റി ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. നമസ്കരിക്കണം, സകാത്ത് കൊടുക്കണം, നോമ്പെടുക്കണം എന്നൊക്കെ പറയുന്നതുപോലെത്തന്നെയല്ലേ ഖുർആനിൽ കുറ്റവാളികളെ ശിക്ഷിക്കുന്നതിനെക്കുറിച്ചും പറഞ്ഞിട്ടുള്ളത്, അതെല്ലാം എങ്ങനെ നടപ്പിലാക്കും എന്നൊക്കെ ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. ആ ചിന്തകളെ പൂരിപ്പിക്കുന്നതായിരുന്നു മൗദൂദി സാഹിബിന്റെ പുസ്തകങ്ങളിൽ എനിക്ക് വായിക്കാൻ കഴിഞ്ഞ ആശയങ്ങൾ.**

മദ്ഹബുകളിൽ ഈ വിഷയകമായി വ്യത്യസ്ത വീക്ഷണങ്ങളുണ്ട്.

### ഖുർആൻ പഠനം

അനന്തരാവകാശം, മൻതിഖ്, ഖിബ്ല നിർണയം എന്നിവയും മറ്റു ചില വിഷയങ്ങളും എനിക്ക് അറിയാമായിരുന്നു. അറിയാത്ത വിഷയം ഖുർആനായിരുന്നു. 'ദാലികൽ കിതാബു ലാ റൈബ ഫീഹി.....' എന്ന് ഓതി പോകലാണ് ഖുർആൻ. അതിനപ്പുറം പഠനമോ ചിന്തയോ ഒന്നും ഇല്ല. മൗദൂദി സാഹിബിന്റെ തഫ്സീറും മറ്റും വായിക്കാൻ തുടങ്ങിയ ശേഷമാണ് എനിക്ക് ഖുർആൻ മനസ്സിലാക്കാനായത്. *ഫീ ളിലാലിൽ ഖുർആൻ* സ്ഥിരമായി വായിക്കാറുണ്ടായിരുന്നു.

പള്ളി ദർസിൽ ആദ്യം കുറച്ച് ചെറിയ കിതാബുകൾ ഓതും. *നൂറുൽ അബ്സ്വാർ, മുതഫർരിദ്* മുതലായവ. പിന്നെ *ഫത്ഹുൽ മുഈൻ.* ഇതായിരുന്നു കിതാബുകളുടെ ക്രമം. പിന്നെയാണ് തഫ്സീർ പഠനം. തഫ്സീർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് *ജലാലൈനി* യാണ്. *ജലാലൈനി*യിലെ തഫ്സീർ ഖുർആൻ വാക്കുകളേക്കാൾ കുറവാണെന്നാണ് പറയാറുള്ളത്! തഫ്സീർ കുറവും ഖുർആൻ കൂടുതലുമാണ്. ഖുർആനെക്കാൾ തഫ്സീർ കൂടുതലാണെങ്കിലേ വുദൂഅ് ഇല്ലാതെ തൊടാൻ പാടുള്ളൂ എന്നാണ് ധാരണ! ഖുർആൻ പഠനം *ജലാലൈനി*യിൽ ഒതുങ്ങും. *ജലാലൈനി* ഓടിച്ചു വായിച്ചു പോവുകയാണ് പതിവ്. അല്ലാഹു മനുഷ്യ സമൂഹത്തിന്റെ സന്മാർഗത്തിനായി ഇറക്കിയ വേദഗ്രന്ഥമാണ് ഖുർആൻ എന്ന തിരിച്ചറിവോടെ അതിനെ സമീപിക്കാറുണ്ടായിരുന്നില്ല. ഉസ്താദുമാർ അതൊന്നും പറയുകയോ, മുതഅല്ലിമീങ്ങൾ ചോദിക്കുകയോ ചെയ്യാറുണ്ടായിരുന്നില്ല. ഫിഖ്ഹാണ് പ്രധാന വിഷയം. *മഹല്ലി*യും *മിൻഹാജി*ന്റെ ശർഹുകളുമൊക്കെ ഓതിപ്പഠിക്കും. പതിനഞ്ച് വർഷത്തോളം ഞാൻ പള്ളി ദർസിൽ പഠിച്ചിട്ടുണ്ട്.

### മുദർരിസ്

മലപ്പുറം ജില്ലയിലെ തിരുനാവായ സ്വദേശിയായ സൈതാലി മുസ്ലിയാർ ഒരു വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. അദ്ദേഹം ഇടക്കിടെ ഇവിടെ വരാറുണ്ടായിരുന്നു. ഒരിക്കൽ വഅ്ള് പറയാൻ വേണ്ടി ഇവിടെ വന്നപ്പോൾ ഒരു ദർസ് തുടങ്ങുന്നതിനെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഈ പ്രദേശത്തെ പ്രമാണിമാരെയും കാരണവന്മാരെയും അനുനയിപ്പിച്ച് ദർസിന്റെ കാര്യം സമ്മതിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. അദ്ദേഹം വലിയ സമർഥനായിരുന്നു. തന്ത്രപൂർവം വിഷയം അവതരിപ്പിച്ച സൈദാലി മുസ്ലിയാർ വിജയിച്ചു. അങ്ങനെ ഇവിടെ ദർസ് ആരംഭിച്ചു. മൊയ്തീൻ മുസ്ലിയാരായിരുന്നു ആദ്യത്തെ മുദർരിസ്. മലയമ്മ അബൂബക്കർ മുസ്ലിയാരായിരുന്നു ഞങ്ങളുടെ ഉസ്താദ്. ദർസ് പഠനം നിർത്തിയതോടെ ഞാനും മുദർരിസായി. ഇവിടത്തുകാർക്കൊക്കെ എന്നോട് വലിയ സ്നേഹമായിരുന്നു. ഞാൻ ഉറുദി പറയും, പള്ളിയിൽ ഖുത്ബയും നടത്തും. ശിവപുരം ജുമുഅത്ത് പള്ളി, വള്ള്യോത്ത് ജുമുഅത്ത് പള്ളി, കാരക്കുന്നത്ത് മുജാഹിദ് പള്ളി തുടങ്ങിയവയിലൊക്കെ ഞാൻ അന്ന് ഖുത്ബ പറഞ്ഞിരുന്നു. കാരക്കുന്നത്ത് പള്ളിയിൽ മുജാഹിദ്-സുന്നി തർക്കമുണ്ടായപ്പോഴാണ് എന്നെ ഖുത്ബക്ക് ക്ഷണിച്ചത്. അതൊരു സുന്നി പള്ളിയായിരുന്നു. പ്രശ്നമുണ്ടാകുമെന്ന് തോന്നിയപ്പോഴാണ് എന്നെ വിളിച്ചത്. സുന്നി നേതാവായിരുന്ന ചേങ്ങോട്ടുചാലിൽ ഇമ്പിച്ചമ്മദ് എന്റെ അടുത്തുവന്ന് അടുത്ത വെള്ളിയാഴ്ച ഖുത്ബക്ക് വരണമെന്ന് ആവശ്യപ്പെട്ടു. സുന്നി-മുജാഹിദ് സംഘട്ടനം ഒഴിവാക്കാൻ ഞാൻ ചെന്നാൽ സാധിക്കും എന്ന് ആരോ പറഞ്ഞതനുസരിച്ചാണ് അദ്ദേഹം വന്നത്. ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ അവിടെ ഖുത്ബക്ക് പോയി. അവിടത്തെ മുജാഹിദുകാരാണ് പിന്നീട് ജമാഅത്തിലേക്ക് വന്നത്.

**ജമാഅത്തെ ഇസ്ലാമി പ്രവർത്തകരാണെന്ന് നാട്ടിൽ അറിയപ്പെട്ടതോടെ വളരെ ശക്തമായ എതിർപ്പുകളാണ് എനിക്കും സഹപ്രവർത്തകർക്കും അനുഭവിക്കേണ്ടിവന്നത്. വഴി നടക്കുന്നത് തടയുക, ഖുർആൻ ക്ലാസുകൾ മുടക്കുക, ബഹിഷ്കരിക്കുക തുടങ്ങി കൊല്ലാനുള്ള ശ്രമം വരെ നടന്നു. എന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ ചിലരുണ്ടായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ തന്നെ ചില കാരണവന്മാരും നാട്ടിലെ പ്രമാണിമാരുമായിരുന്നു എതിർപ്പിൽ മുമ്പിൽനിന്നിരുന്നത്. 'മൗദൂദി ന്യായം' ഇവിടെ പറയാനും നടത്താനും സമ്മതിക്കില്ല എന്നു പറഞ്ഞാണ് പല ക്ലാസുകളും തടഞ്ഞത്. പള്ളിയിലും മദ്റസയിലും മാത്രമല്ല ഈനാട്ടിൽതന്നെ ജമാഅത്തിന്റെ പരിപാടികൾ നടത്താൻ അനുവദിക്കില്ലെന്നായി ചില കാരണവന്മാർ.**

അക്കാലത്ത് സ്കൂളിൽ അറബിയും മതവിഷയങ്ങളും പഠിപ്പിക്കാറുണ്ട്. രാവിലെ ഏകദേശം പതിനൊന്ന് മണിവരെയാണ് അറബി ക്ലാസ്. എന്റെ എളാപ്പ കുഞ്ഞാലി മുസ്ലിയാരായിരുന്നു സ്കൂളിന്റെ മാനേജർ. പതിനൊന്നു മണിയാകുമ്പോൾ സ്കൂളിലെ ഹെഡ്മാസ്റ്റർ വന്ന് 'മൗലവീ, ഇനി ഞങ്ങൾക്ക് പഠിപ്പിക്കാൻ ഒഴിഞ്ഞുതരണം' എന്നാവശ്യപ്പെടും. അപ്പോഴാണ് അറബി ക്ലാസ് നിർത്തി സ്കൂൾ പഠനം തുടങ്ങുക. അങ്ങനെ പള്ളി ദർസ്, സ്കൂളിലെ അറബി ക്ലാസ്, ഏതാനും പള്ളികളിലെ ഖുത്ബകൾ തുടങ്ങിയ ചുതലകൾ നിർവഹിച്ച ഒരു സുന്നി മുസ്ലിയാരായിരുന്നു ഞാൻ.

ഞാൻ പള്ളി ദർസിൽ മുദർരിസായിരുന്ന കാലത്ത് ഇപ്പോൾ ടൊറണ്ടോയിലുള്ള ടി.കെ ഇബ്റാഹീം അവിടെ വിദ്യാർഥിയായിരുന്നു. ഇബ്റാഹീം എന്റെ അനുജനാണ്. പിന്നീട് കൂടുതൽ പഠിക്കണമെന്ന് തോന്നിയപ്പോഴാണ് ഞാൻ അവനെ പുളിക്കൽ മദീനത്തുൽ ഉലൂമിൽ ചേർത്തത്. ശിവപുരത്തുകാരൻ കെ.ടി ഹുസൈനും ഇബ്റാഹീമിന്റെ കൂടെ അവിടെ ചേർന്നിരുന്നു. അവിടെ കുറച്ചുകാലം പഠിച്ചു. ഇടക്ക് എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുമായി ചില പ്രശ്നങ്ങൾ ഉണ്ടായി. എം.സി.സി, ഇബ്റാഹീമിന്റെ കൈയിൽനിന്ന് സയ്യിദ് മൗദൂദി സാഹിബിന്റെ *രക്ഷാസരണി* എന്ന പുസ്തകം പിടിച്ചെടുത്തു. ജമാഅത്തുകാരായതിനാൽ അവരെ അവിടെ നിന്ന് പുറത്താക്കി. അപ്പോഴാണ് ഇബ്റാഹീം ശാന്തപുരത്തേക്ക് മാറിയത്. അവിടുത്തെ പഠനശേഷമാണ് മദീനയിൽ പോയത്.

### ജമാഅത്തിലേക്ക്

ഞാൻ അറബി ക്ലാസ്സ് എടുത്തിരുന്ന ശിവപുരം എൽ.പി സ്കൂളിലെ അധ്യാപകനായിരുന്നു എൻ.എ കോയ മാസ്റ്റർ. നന്നായി വായിക്കുകയും ജമാഅത്തിനെ മനസ്സിലാക്കുകയും ചെയ്ത, ഈ

പ്രദേശത്ത് ആദ്യമായി ജമാഅത്തിലേക്ക് കടന്നുവന്നവരിൽ ഒരാളാണ് അദ്ദേഹം. എനിക്ക് വായനയിൽ നല്ല താൽപര്യമുണ്ടായിരുന്നു. ഞാൻ കോയയോട് പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വാങ്ങി വായിക്കും. അഞ്ചാംക്ലാസ് വരെ സ്കൂൾ വിദ്യാഭ്യാസം ഉണ്ടായിരുന്നതുകൊണ്ട് മലയാളം അത്യാവശ്യം വായിക്കാനറിയുമായിരുന്നു. *തുർക്കി വിപ്ലവം*, *അബലയുടെ പ്രതികാരം* തുടങ്ങിയ പുസ്തകങ്ങളൊക്കെ വായിച്ചു. എൻ.എ കോയ അപ്പോൾ ജമാഅത്തുകാരനായി കഴിഞ്ഞിരുന്നു. ഞാനാകട്ടെ ജമാഅത്ത് എന്താണെന്നുതന്നെ അറിയാത്ത ആളും. അങ്ങനെയാണ് *ഖുതുബാത്ത്* വായിക്കാൻ കിട്ടുന്നത്. പിന്നെ *രക്ഷാസരണി*യും വായിച്ചു. ഈ പുസ്തകങ്ങളിൽ പറയുന്നതാണല്ലോ യഥാർഥ ഇസ്‌ലാം എന്ന ചിന്ത എന്റെ മനസ്സിൽ വളരാൻ തുടങ്ങി. മുമ്പ് പള്ളിദർസിൽ ഖുർആൻ ഓതുമ്പോഴും കിതാബുകൾ വായിക്കുമ്പോഴും ക്രിമിനൽ നിയമങ്ങളെ കുറിച്ച ഇസ്‌ലാമിക കൽപനകളെപ്പറ്റി ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. നമസ്കരിക്കണം, സകാത്ത് കൊടുക്കണം, നോമ്പെടുക്കണം എന്നൊക്കെ പറയുന്നതുപോലെ ത്തന്നെയല്ലേ ഖുർആനിൽ കുറ്റവാളികളെ ശിക്ഷിക്കുന്നതിനെക്കുറിച്ചും പറഞ്ഞിട്ടുള്ളത്. അതെല്ലാം എങ്ങനെ നടപ്പിലാക്കും എന്നൊക്കെ ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. ആ ചിന്തകളെ പൂരിപ്പിക്കുന്നതായിരുന്നു മൗദൂദി സാഹിബിന്റെ പുസ്തകങ്ങളിൽ എനിക്ക് വായിക്കാൻ കഴിഞ്ഞ ആശയങ്ങൾ.



ടി.കെ ഇബ്റാഹീം ടൊറണ്ടോ

ടി.കെ കുഞ്ഞഹ്മദ് മൗലവി

### രഹസ്യ പ്രവർത്തനങ്ങൾ

പ്രഖ്യാപിത ജമാഅത്തുകാരനാകാതെ കുറേ രഹസ്യമായും കുറച്ചു പരസ്യമായും ചില പ്രവർത്തനങ്ങളൊക്കെ നടത്താൻ തുടങ്ങി. പുസ്തകങ്ങൾ വായിക്കും, ആളുകളെക്കൊണ്ട് വായിപ്പിക്കും, ക്ലാസുകളിൽ പങ്കെടുക്കും, സമ്മേളനങ്ങൾക്ക് പോകും തുടങ്ങിയവയായിരുന്നു ആദ്യഘട്ടത്തിൽ ചെയ്തത്.

ഒരിക്കൽ കക്കോടിയിൽനിന്ന് കുറച്ച് ജമാഅത്ത് പ്രവർത്തകർ ഞങ്ങളെ കാണാൻ ശിവപുരത്ത് വന്നു. ശിവപുരത്ത് *പ്രബോധനം* വായിക്കുന്ന ആരോ ഉണ്ടെന്ന് പറഞ്ഞറിഞ്ഞാണ് അവർ വന്നത്. അവർ സ്ഥലത്തെത്തിയപ്പോൾ നാട്ടുകാരിൽ ചിലർ 'മൗദൂദികൾ' വന്നിരിക്കുന്നുവെന്ന് പറഞ്ഞു. അന്നൊന്നും ജമാഅത്ത് എന്ന് പറയാറുണ്ടായിരുന്നില്ല; പരിഹാസപൂർവം 'മൗദൂദികൾ' എന്നാണ് വിളിച്ചിരുന്നത്. ഞങ്ങൾ ചെറിയ രൂപത്തിൽ ഒരു യോഗം ചേർന്നു. വന്നവർക്ക് രാത്രിഭക്ഷണം കൊടുക്കാൻ ഒന്നുമുണ്ടായിരുന്നില്ല. ഞങ്ങൾ ഒരു കടതുറപ്പിച്ച് കുറച്ച് അരിവാങ്ങി, അത് വറുത്ത് ശർക്കരയുമിട്ട് അവർക്ക് കൊടുത്തു. രാത്രി പള്ളിയിൽ കിടന്നുറങ്ങി. അപ്പോഴേക്കും ജമാഅത്തെ ഇസ്‌ലാമിയുടെ ആശയം ഒളിച്ചുവെക്കാൻ കഴിയാത്തവിധം മനസ്സിൽ വളർന്നിരുന്നു.

ആ സമയത്താണ് എടയൂരിൽ ജമാഅത്തെ ഇസ്‌ലാമിയുടെ കേരള സമ്മേളനം നടക്കുന്നത്. ഞങ്ങൾ കുറച്ചുപേർ പോകാനൊരുങ്ങി. വളരെ പ്രയാസപ്പെട്ടാണ് പണം ഉണ്ടാക്കിയത്. വീട്ടുകാരും നാട്ടുകാരും അറിയാതെയായിരുന്നു സമ്മേളനത്തിൽ പങ്കെടുത്തത്. വളരെ ആവേശം നിറഞ്ഞതായിരുന്നു സമ്മേളനം. നമസ്കാരത്തിന് ഹാജിസാഹിബായിരുന്നു നേതൃത്വം കൊടുത്തത്. വല്ലാത്തൊരു അനുഭൂതിയായിരുന്നു അത്. അദ്ദേഹം നമസ്കാരത്തിൽ പറഞ്ഞ 'അല്ലാഹു അക്ബർ' ഇന്നും ഞാൻ ഓർക്കുന്നു. ഒരു വിപ്ലവകാരിയുടെ ഗാംഭീര്യം സ്ഫുരിച്ചിരുന്ന ആ തക്ബീറിൽ അല്ലാഹുവോടുള്ള അടുപ്പം നിഴലിച്ചിരുന്നു.

എന്റെ എളാപ്പ കുഞ്ഞാലി മുസ്‌ലിയാരും -അദ്ദേഹം വലിയ ധീരനായിരുന്നു- ഭാര്യാപിതാവ് ഉസൻ കുട്ടി മുസ്‌ലിയാരും സമ്മേളനത്തിൽ പങ്കെടുക്കാൻ വന്നതും പിന്നീട് ജമാഅത്തിന്റെ ക്ലാസുകളിലും മറ്റും സഹകരിച്ചതും ഞങ്ങൾക്ക് വലിയ തുണയായി. അവർ ജമാഅത്ത് പ്രവർത്തകർ ആയിരുന്നില്ലെങ്കിലും അവരുടെ സഹകരണ മനസ്സ് വലിയ സഹായമായി. ഒരിക്കൽ കോഴിക്കോട് കുറ്റിച്ചിറ

യിൽ കെ.സി അബ്ദുല്ല മൗലവിയുടെ പ്രസംഗമുണ്ടായിരുന്നു. അതു കേൾക്കാനും അവർ വന്നു. പ്രസംഗം കഴിഞ്ഞപ്പോൾ അവർ പറഞ്ഞു: 'പുതുതായി പുറപ്പെട്ട കക്ഷികളിൽ ഇവരാണ് ഏറ്റവും നല്ലത്' ഉസൻ കുട്ടി മുസ്‌ലിയാർ ജമാഅത്തിന്റെ ഹൈദരാബാദ് സമ്മേളനത്തിലും പങ്കെടുത്തിട്ടുണ്ട്.

എടയൂർ സമ്മേളന സ്ഥലത്തു വെച്ച് ഞാൻ ഹാജിസാഹിബിനെ കണ്ടു. ശിവപുരം മഹല്ലിൽ പ്രസ്ഥാനത്തിന് വലിയ സാധ്യതയുണ്ടെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. പള്ളിയിലെ മുദർരിസായിരുന്നതിനാൽ ആ മഹല്ല് ജമാഅത്തിന്റേതാക്കാനാകും എന്നാണ് ഞാൻ ധരിച്ചത്. അങ്ങനെ ഹാജിസാഹിബ് ഒരു ദിവസം വരാമെന്നേറ്റു. അതിനുമുമ്പ് ഇസ്സുദ്ദീൻ മൗലവി, കെ. മൊയ്തുമൗലവി തുടങ്ങിയവരുടെ വഅ്ളുകളും നടന്നു. ഈ പരിപാടി നടക്കുമ്പോഴേക്കും നാട്ടുകാരിൽനിന്ന് പല പ്രതികരണങ്ങളും ഉണ്ടാകാൻ തുടങ്ങി. എന്നെ ഉദ്ദേശിച്ച് 'തെങ്ങിന്റെ തലക്കുതന്നെ ഇളക്കം തട്ടിയിരിക്കുന്നു' എന്ന് ആളുകൾ പറയാൻ തുടങ്ങി. ഒരിക്കൽ പള്ളിയിൽ വന്ന് ചിലർ ബഹളം വെച്ചു. പെട്രോൾ മാക്സ് എടുത്ത് താഴെയിടുകയും ചെയ്തു.

### രൂക്ഷമായ എതിർപ്പുകൾ

ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരാണെന്ന് നാട്ടിൽ അറിയപ്പെട്ടതോടെ വളരെ ശക്തമായ എതിർപ്പുകളാണ് എനിക്കും സഹപ്രവർത്തകർക്കും അനുഭവിക്കേണ്ടിവന്നത്. വഴി നടക്കുന്നത് തടയുക, ഖുർആൻ ക്ലാസുകൾ മുടക്കുക, ബഹിഷ്കരിക്കുക തുടങ്ങി കൊല്ലാനുള്ള ശ്രമം വരെ നടന്നു. എന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയ ചിലരുണ്ടായിരുന്നു. ചിലർ എന്നെ 'കഷായം വെക്കും' എന്ന് ഭീഷണിപ്പെടുത്തി. ഞങ്ങളുടെ കുടുംബത്തിലെ തന്നെ ചില കാരണവന്മാരും നാട്ടിലെ പ്രമാണിമാരുമായിരുന്നു എതിർപ്പിൽ മുമ്പിൽനിന്നിരുന്നത്. ഞാൻ പല തവണ ഇവിടെ ഖുർആൻ ക്ലാസ് എടുത്തിട്ടുണ്ട്. അതോടെ ഞാൻ ജമാഅത്തു കാരനായി അറിയപ്പെടുകയും എന്നെ പള്ളിയിൽനിന്ന് പുറത്താക്കുകയും ചെയ്തു.

'മൗദൂദി ന്യായം' ഇവിടെ പറയാനും നടത്താനും സമ്മതിക്കില്ല എന്നു പറഞ്ഞാണ് പല ക്ലാസുകളും തടഞ്ഞത്. പള്ളിയിലും മദ്റസയിലും മാത്രമല്ല ഈനാട്ടിൽതന്നെ ജമാഅത്തിന്റെ പരിപാടികൾ നടത്താൻ അനുവദിക്കില്ലെന്നായി ചില കാരണവന്മാർ. ജമാഅത്തിന്റെ ക്ലാസിന് വരുന്നവരെ തടയാനും ശ്രമിച്ചു. ബഹിഷ്കരണ ആഹ്വാനവും ഉണ്ടായി. 'തുടർന്ന് നമസ്കരിക്കരുത്, വിവാഹം പാടില്ല, സലാം ചൊല്ലരുത്, വിവാഹത്തിൽ പങ്കെടുക്കരുത്' തുടങ്ങി 8 നിയമങ്ങൾ ഉണ്ടാക്കിയിരുന്നു എന്നാണ് ഓർമ. ഒരിക്കൽ ഒരു വീട്ടിന്റെ മുറ്റത്ത് ഞങ്ങൾ ക്ലാസ് നടത്തുകയാണ്. ചിലർ പറങ്കിമാവിന്റെ കൊമ്പ് പൊട്ടിച്ച് ഞങ്ങളെ അടിക്കാൻ വന്നു. ഞാനാണ് ക്ലാസ് എടുത്തിരുന്നത്. 'ഇന്നമൽ മുഅ്മിനൂനല്ലദീന ഇദാദുകിറല്ലാഹു......' എന്നു തുടങ്ങുന്ന ആയത്ത് ഓതി ക്ലാസ് തുടങ്ങുമ്പോഴാണ് അവരുടെ വരവ്. ഖുർആൻ ആയത്ത് കേട്ടതോടെ അവരവിടെ നിന്നു. ആയത്ത് അവരിൽ ഉൾക്കിടിലമുണ്ടാക്കിക്കാണണം. 'ഇതൊക്കെ വേണ്ടെന്നാണോ ആലിമീങ്ങൾ പറഞ്ഞത്?' ഞാൻ ചോദിച്ചു. അവർ വടിയെല്ലാം അവിടെ ഇട്ട് പോയി. 'മൗദൂദിസം' എന്നാൽ ഇസ്‌ലാമിന്നെതിരായ എന്തോ ആണെന്നായിരുന്നു മുസ്‌ലിയാക്കന്മാർ അവരെ പറഞ്ഞ് വിശ്വസിപ്പിച്ചിരുന്നത്. ഒരിക്കൽ ഞാൻ പള്ളിയിൽ നമസ്കരിക്കുകയായിരുന്നു. എന്റെ പിന്നിൽ കുറച്ചാളുകൾ തുടർന്നു നമസ്കരിക്കുന്നുണ്ട്. ഇതുകണ്ട ചില കാരണവന്മാർ കലിതുള്ളി. എന്നെ ചീത്ത പറഞ്ഞു.

ഒരിക്കൽ ഒരാൾ ഒരു വേലിത്തറി ഊരിയെടുത്ത് എന്നെ അടിക്കാൻ വന്നു. എന്നെക്കാൾ പ്രായമുള്ള ആളാണ്. എന്റെ തലക്കുതന്നെ അടിക്കാനാണ് ശ്രമിച്ചത്. ഒഴിഞ്ഞുമാറിയതിനാൽ അടി കൊണ്ടില്ല. എന്റെ മകൻ അബ്ദുർറഹ്മാനും കൂടെയുണ്ടായിരുന്നു. അവന്റെ കൈയിൽനിന്ന് ടോർച്ച് വാങ്ങി ഞാൻ അടി തടുത്തു. ഞാൻ ടോർച്ചുകൊണ്ട് അയാളെ അടിച്ചു എന്ന മട്ടിലായി നാട്ടിൽ പ്രചാരണം. സത്യത്തിൽ അയാളെ ഞാൻ ഒന്നും ചെയ്തിരുന്നില്ല. എന്നോട് പ്രതികാരം ചെയ്യുന്നതിനെക്കുറിച്ചായി ചിലരുടെ ചിന്ത. ഒരിക്കൽ ഒരാൾ പകരം ചോദിക്കാൻ വന്നു. ഒരു പാടത്തിന്റെ വരമ്പിൽ വെച്ചായിരുന്നു അത്. എന്റെ കൈയിൽ ടോർച്ചും കുടയും ഉണ്ട്. ഞാൻ ഉയരമുള്ള ഒരു വരമ്പിൽ കയറി എന്തും നേരിടാൻ തയാറായി നിന്നു. അല്ലാഹു അപ്പോൾ എനിക്കങ്ങനെ തോന്നിച്ചു. എന്റെ നിൽപും ഭാവവും കണ്ടിട്ടാകണം വന്നയാൾ പതുക്കെ പിന്മാറി.

നാട്ടിൽ ഭീഷണി നിലനിൽക്കുക തന്നെയായിരുന്നു. അതുകൊണ്ട് സഹപ്രവർത്തകരുടെ നിർദേശപ്രകാരം ഞാൻ ശിവപുരത്തുനിന്ന് കുറച്ചുമാറി നിൽക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. അത്രയും പ്രയാസകരമായിരുന്നു അവസ്ഥ. ഒരു നോമ്പ് കാലം. രാത്രി ഞാനും കോട്ടയിൽ അഹ്മദും കൂടി ശിവപുരത്തുനിന്ന് നന്മണ്ടയിലേക്ക് നടക്കാൻ തുടങ്ങി. ടോർച്ചുണ്ട് കൈയിൽ. കല്ലുംമുള്ളും കാടും നിറഞ്ഞ വഴി. നോമ്പ് ശരിക്ക് തുറക്കാനും പറ്റിയില്ല. ഞങ്ങൾ വളരെ പണിപ്പെട്ട് നടന്നു. ഇയ്യാട്, കുട്ടമ്പൂർ വഴി നന്മണ്ടയിലെത്തി. നന്മണ്ട എനിക്ക് പരിചയമുള്ള സ്ഥലമായിരുന്നു. ചില കുടുംബക്കാരും അവിടെ ഉണ്ടായിരുന്നു. പാതിരക്കാണ് അവിടെയെത്തിയത്. അസമയത്ത് കയറിവരുന്നത് കണ്ട് അവർ പേടിച്ചു. കാര്യങ്ങളെല്ലാം പറഞ്ഞ് അവിടെ താമസിച്ചു. കോട്ടയിൽ അഹ്മദ് തിരിച്ചു പോയി.

എനിക്ക് ശിവപുരത്തേക്ക് പോകാൻ കഴിയാത്ത അവസ്ഥ. ഇടക്കെപ്പോഴെങ്കിലും വീട്ടിൽ പോകും. വീട്ടിൽ തന്നെ കഴിയണം, പുറത്തിറങ്ങരുത് ഇതായിരുന്നു സ്ഥിതി. പിന്നീട് നന്മണ്ടയിൽ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചു. ക്ലാസുകൾ നടത്തുകയും മദ്റസ ഉണ്ടാക്കുകയും ചെയ്തു. പുരോഗമന ആശയക്കാരായ കുറേ ആളുകൾ അവിടെ ഉണ്ടായിരുന്നു. അവരുടെ സഹകരണത്തോടെ കുറേകാലം പ്രവർത്തിച്ചു. നന്മണ്ടയിലും പരിസരങ്ങളിലും ജമാഅത്ത് ഉണ്ടാകുന്നത് അങ്ങനെയാണ്. അക്കാലത്താണ് ഐക്യകേരളത്തിന്റെ പിറവി. സ്കൂളുകളിൽ അറബിക് മുൻഷിമാരെ നിയമിക്കാൻ തുടങ്ങി. എന്റെ ധാരാളം വിദ്യാർഥികൾ എൻട്രൻസ് പരീക്ഷയെഴുതി. അവർ പഠിക്കാൻ എന്റെ അടുത്താണ് വന്നിരുന്നത്. ഞാൻ പുസ്തകങ്ങൾ വായിച്ചു കൊടുക്കും. എനിക്കും പരീക്ഷയെഴുതണമെന്നു തോന്നി. എഴുതി, വിജയിച്ചു. 1959-ൽ 79 രൂപ ശമ്പളത്തിന് അറബിക് മുൻഷിയായി ജോലിയിൽ പ്രവേശിച്ചു. 1978-ലാണ് പിരിഞ്ഞത്.

1975 ജൂൺ 16-നാണ് ശിവപുരം ഇസ്‌ലാമിയാ കോളേജ് ആരംഭിക്കുന്നത്. എന്റെ കുടുംബത്തിലെ ചിലർ വഖ്ഫ് ചെയ്ത സ്ഥലത്ത് ചെറിയൊരു മദ്റസയായിട്ടായിരുന്നു തുടക്കം. പിന്നെ സ്ഥാപനം ഒരുപാട് വളർന്നു. നൂറുകണക്കിന് കുട്ടികൾ അവിടെ പഠിക്കാൻ വന്നിരുന്നു. സുന്നികളുടെ കുട്ടികളായിരുന്നു പലരും. അവരിൽ പലരും ഇന്ന് ജമാ

അത്ത് പ്രവർത്തകരോ അനുഭാവികളോ ആണ്. ആദ്യം കോളേജിൽവെച്ച് ജമാഅത്തിനെ ശക്തമായി എതിർത്ത പല വിദ്യാർഥികളും ഇന്ന് ജമാഅത്തിന്റെ നല്ല പ്രവർത്തകരാണ്. ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി എം.കെ മുഹമ്മദലി, എം.എം മുഹ്‌യിദ്ദീൻ തുടങ്ങിയവരൊക്കെ ശിവപുരം ഇസ്‌ലാമിയാ കോളേജിന്റെ സന്തതികളാണ്.

### ഒരു മറുപടി പ്രസംഗം

ഒരിക്കൽ എ.പി അബൂബക്കർ മുസ്‌ലിയാർ ശിവപുരത്ത് വന്ന് പ്രസംഗിച്ചു. ജമാഅത്തെ ഇസ്‌ലാമിക്കെതിരായ ധാരാളം വിമർശനങ്ങൾ പ്രസംഗത്തിലുണ്ടായിരുന്നു. ജമാഅത്തുകാർ നമസ്കാരാനന്തരം കൂട്ടപ്രാർഥന നടത്താറില്ലെന്നു തുടങ്ങി പല വിമർശനങ്ങളും. എ.പിക്ക് മറുപടിപറഞ്ഞുകൊണ്ട് ഞാൻ പ്രസംഗിച്ചു. ജമാഅത്തിനെതിരെ ഉന്നയിച്ച വിമർശനങ്ങൾക്കെല്ലാം അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ കിതാബുകൾ ഉദ്ധരിച്ചുകൊണ്ട് മറുപടി പറഞ്ഞു. ഇമാം ശാഫിയുടെ *കിതാബുൽ ഉമ്മ്*, ഇബ്നു ഹജറുൽ ഹൈതമിയുടെ *തുഹ്ഫത്തുൽ മുഹ്താജ്*, ഇമാം നവവിയുടെ *മിൻഹാജ്*, ശാഫിഈ ഫിഖ്ഹിലെ *ഫത്ഹുൽ മുഈൻ* തുടങ്ങിയ കിതാബുകൾ ഞാൻ ഉദ്ധരിച്ചു. *ഫത്ഹുൽ മുഈനിൽ*നിന്ന് ഞാൻ ഉദ്ധരിച്ച ഭാഗം ഇപ്പോഴും ഓർമയുണ്ട്. നമസ്കാരശേഷം കൂട്ടപ്രാർഥന നടത്തുന്നത് സുന്നത്തല്ലെന്നു തെളിയിക്കുന്നതായിരുന്നു ആ ഉദ്ധരണി: 'അമ്മൽ ഇമാമു ഇദാ തറകൽ ഖിയാമല്ലദീ ഹുവൽ അഫ്ദലു, ഫൽ അഫ്ദലു അൻ യജ്അല യമീനഹു ഇലൽ മഅ്മൂമീന വയസാറഹു ഇലൽ ഖിബ്‌ലത്തി'!

ജമാഅത്തിന്റെ പരിപാടിക്കുശേഷം എ.പി മറുപടി പ്രസംഗത്തിന് വന്നിരുന്നില്ല എന്നാണ് ഓർമ.

### അടിയന്തരാവസ്ഥ

അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ ഞാൻ കോഴിക്കോട് ജമാഅത്തെ ഇസ്‌ലാമി ഓഫീസിലായിരുന്നു. വെള്ളിമാട്കുന്നിലാണ് അന്ന് ഓഫീസ്. ടി.കെ അബ്ദുല്ലാ സാഹിബ് അന്ന് ഓഫീസിലുണ്ടായിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപനം വന്നുകഴിഞ്ഞിരുന്നു. ഞാൻ ടി.കെയോട് അതേക്കുറിച്ച് ചർച്ചചെയ്യുകയാണ്. അറസ്റ്റ് ഉണ്ടാകും എന്നും മറ്റും ടി.കെ പറഞ്ഞു. അപ്പോഴേക്കും ഓഫീസിനു മുമ്പിൽ ഒരു വലിയ വാൻ വന്നുനിന്നു. കുറേ പോലീസുകാർ ഇറങ്ങി.

**അടിയന്തരാവസ്ഥയിൽ അറസ്റ്റുചെയ്യപ്പെട്ടപ്പോഴോ ജയിലിൽ കിടന്നപ്പോഴോ ഒട്ടും ഭയം ഉണ്ടായിരുന്നില്ല. നല്ല ധൈര്യമായിരുന്നു. കാരണം, വിശുദ്ധഖുർആൻ വായിക്കുമ്പോൾ പ്രവാചകന്മാരുടെയും മറ്റും ചരിത്രം ധാരാളമായി വിവരിക്കുന്നത് കാണാം. അവർ അനുഭവിച്ച പീഡനങ്ങൾ ഖുർആൻ വിശദീകരിക്കുമ്പോൾ ഇതെല്ലാം നാമും അനുഭവിക്കേണ്ടതാണല്ലോ എന്ന് തോന്നിയിരുന്നു. ഒരു ഇസ്‌ലാമിക പ്രവർത്തകൻ പ്രവാചകന്മാരുടെ പിൻഗാമിയാകുന്നത് അവരുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോഴും അവർ അനുഭവിച്ച ത്യാഗങ്ങൾ അനുഭവിക്കുമ്പോഴുമാണല്ലോ.**

എസ്.ഐ ഓഫീസിലേക്ക് കയറിവന്നു. എന്നെയാണ് ആദ്യം കണ്ടത്. 'നീ ജമാഅത്തിന്റെ ആരാണ്?' എന്നോട് ചോദിച്ചു. 'ഞാൻ പ്രാദേശിക പ്രവർത്തകനാണ്.' നിന്റെ നാട് എവിടെയാണ്? ശിവപുരം. പ്രാദേശിക അമീറാണോ? അതെയെന്ന് പറഞ്ഞു. പിന്നീട് ടി.കെയെയും മറ്റും ചോദ്യം ചെയ്തു. അവസാനം ടി.കെ അബ്ദുല്ല സാഹിബിനെയും പ്രസ്സ് മാനേജരെയും എന്നെയും അറസ്റ്റു ചെയ്തു. ചേവായൂർ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പിന്നീട് കോഴിക്കോട് ജയിലിലടച്ചു. 30 ദിവസം ഞങ്ങൾ ജയിലിൽ കിടന്നു.

അടിയന്തരാവസ്ഥയിൽ അറസ്റ്റു ചെയ്യപ്പെട്ടപ്പോഴോ ജയിലിൽ കിടന്നപ്പോഴോ ഒട്ടും ഭയം ഉണ്ടായിരുന്നില്ല. നല്ല ധൈര്യമായിരുന്നു. കാരണം, വിശുദ്ധഖുർആൻ വായിക്കുമ്പോൾ പ്രവാചകന്മാരുടെയും മറ്റും ചരിത്രം ധാരാളമായി വിവരിക്കുന്നത് കാണാം. അവർ അനുഭവിച്ച പീഡനങ്ങൾ ഖുർആൻ വിശദീകരിക്കുമ്പോൾ ഇതെല്ലാം നാമും അനുഭവിക്കേണ്ടതാണല്ലോ എന്ന് തോന്നിയിരുന്നു. ഒരു ഇസ്‌ലാമിക പ്രവർത്തകൻ പ്രവാചകന്മാരുടെ പിൻഗാമിയാകുന്നത് അവരുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോഴും അവർ അനുഭവിച്ച ത്യാഗങ്ങൾ അനുഭവിക്കുമ്പോഴുമാണല്ലോ. മാത്രമല്ല, *തഫ്ഹീമുൽ ഖുർആനും ഫീ ളിലാലിൽ ഖുർആനും* അത്തരമൊരു ഊർജം പകർന്നു തരികയും ചെയ്തിരുന്നു. പള്ളിദർസിൽ ഓതിപഠിച്ച *ജലാലൈനി* പോലുള്ള തഫ്സീറുകളെപ്പോലെയല്ല *തഫ്ഹീമും ഫീ ളിലാലും*. ഖുർആനിക ആശയങ്ങളെ പുതിയ കാലത്തിന്റെ ഭാഷയിൽ അവ അവതരിപ്പിക്കുന്നുണ്ട്. അത് വായിക്കുമ്പോൾ 'അല്ലാഹു നമ്മെ ഒരു വലിയ ദൗത്യത്തിന് വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നു' -ഹുവ ഇജ്തബാകും- എന്ന ബോധവും പീഡനങ്ങളും പ്രയാസങ്ങളും ധാരാളം അനുഭവിക്കേണ്ടി വരുമെന്ന ധാരണയും ഉണ്ടാകും. അതാണ് അടിയന്തരാവസ്ഥയിലും മറ്റു പ്രതിസന്ധിഘട്ടങ്ങളിലും ഞങ്ങൾക്ക് ധൈര്യം നൽകിയത്.

പ്രസ്ഥാനത്തിന്റെ ആദ്യ തലമുറയുടെ അനുഭവങ്ങൾ പകർത്തിയെടുത്ത് സൂക്ഷിക്കുകയും പുതിയ പ്രവർത്തകർ പഠിക്കുകയും ചെയ്യേണ്ടതുണ്ട്. *പ്രബോധനം* കുറച്ചുമുമ്പ് പ്രസിദ്ധീകരിച്ച കൊല്ലത്തുകാരൻ അബ്ദുൽഹകീം സാഹിബുമായുള്ള അഭിമുഖം ഞാൻ വായിച്ചു. വളരെ നന്നായിരുന്നു. എനിക്കിപ്പോൾ 85 വയസ്സായി. വായിക്കാനൊന്നും വയ്യ. പക്ഷേ, ആ സംഭാഷണം ലൈറ്റിട്ട്, ടോർച്ചുമടിച്ചാണ് ഞാൻ വായിച്ചത്. അത്രയും ആവേശമുണ്ടാക്കുന്നതാണ് പ്രസ്ഥാന ചരിത്രം. ■